# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3350 16.12.2015 ൽ മറുപടിയ്ക്ക്

## റബ്ബർ വില സംരക്ഷണം

**ചോദ്യം**

**ശ്രീ.മുല്ലക്കര രത്നാകരൻ :**

**ഉത്തരം**

ശ്രീ. കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് റബ്ബർ കർഷകർക്ക് വില സംരക്ഷണത്തിനായി സർക്കാർ എത്ര തുക നീക്കി വച്ചിരുന്നുവെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; സംസ്ഥാനത്ത് എത്ര റബ്ബർ കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

(എ) സംസ്ഥാനത്ത് റബ്ബർ കർഷകർക്ക് വിലസംരക്ഷണത്തിനായി 25.02.2014 തീയതിയിലെ സർക്കാർ ഉത്തരവ് (എം.എസ്) നം.56/2014/കൃഷി പ്രകാരം നടപ്പിലാക്കിയ റബ്ബർ സംഭരണ പദ്ധതിയിൽ, സംഭരണ ഏജൻസികളായ റബ്ബർമാർക്കിനും മാർക്കറ്റ്ഫെഡിനും കൈകാര്യച്ചെലവിനായി 4 കോടി രൂപ 2013-14 ൽ സഹകരണ സംഘം രജിസ്ട്രാർക്ക് നല്കിയിട്ടുണ്ട്.

2014-15 ൽ റബ്ബർ സംഭരണത്തിനായി സംഭരണ ഏജൻസികളായ മാർക്കറ്റ്ഫെഡിനും റബ്ബർമാർക്കിനും ആകെ 12 കോടി രൂപ നൽകിയിട്ടുണ്ട്.

റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കുന്നതിനായി 2015-16 സാമ്പത്തിക വർഷത്തെ ബജറ്റിൽ 300 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം 10.12.2015 വരെ 46.30 കോടി രൂപ സബ്സിഡിയിനത്തിൽ റബ്ബർ കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. 10.12.2015 വരെ 3,07,594 റബ്ബർ കർഷകർ ഈ പദ്ധതിയിൻ കീഴിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. സബ്സിഡിയിനത്തിൽ ലഭ്യമാക്കിയ തുകയുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ജില്ല | സബ്സിഡി തുക (കോടിയിൽ) |
|---|---|
| തിരുവനന്തപുരം | 2.08 |
| കൊല്ലം | 4.21 |

| | |
|---|---|
| ആലപ്പുഴ | 0 |
| പത്തനംതിട്ട | 2.88 |
| കോട്ടയം | 7.27 |
| ഇടുക്കി | 2.66 |
| തൃശ്ശൂർ | 1.65 |
| എറണാകുളം | 4.31 |
| പാലക്കാട് | 4.41 |
| മലപ്പുറം | 6.24 |
| കോഴിക്കോട് | 1.52 |
| കണ്ണൂർ | 5.91 |
| വയനാട് | 0 |
| കാസർഗോഡ് | 3.16 |
| ആകെ | 46.30 |

**സെക്ഷൻ ഓഫീസർ**